# ' പതിമൂന്നാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1538 — 03.10.2011 ൽ മറുപടിക്ക്

## പ്ലാസ്റ്റിക് പതാക ഉപയോഗത്തിനെതിരെ നടപടി

**ചോദ്യം**
ശ്രീ. കെ. വി. അബ്ദുൾ ഖാദർ;

**ഉത്തരം**
ശ്രീ. ഉമ്മൻ ചാണ്ടി
(ബഹു: മുഖ്യമന്ത്രി)

എ) 65-ാം സ്വാതന്ത്ര്യ ദിനത്തിന്റെ ഭാഗമായി പ്ലാസ്റ്റിക് പതാക ഉപയോഗിക്കാൻ പാടില്ലെന്ന കർശന നിർദ്ദേശം സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടായോ ;

എ) റിപ്പബ്ലിക്-സ്വാതന്ത്ര്യ ദിനാഘോഷ വേളകളിൽ സംസ്ഥാനത്ത് പ്ലാസ്റ്റിക് കടലാസിൽ നിർമ്മിച്ച ദേശീയ പതാകയുടെ മാതൃക വ്യാപകമായി വിറ്റുവരുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പ്ലാസ്റ്റിക് കടലാസിൽ നിർമ്മിച്ച ദേശീയ പതാകയുടെ മാതൃക വിൽപന നടത്തുന്നതും ഉപയോഗിക്കുന്നതും നിരോധിച്ചുകൊണ്ടും ഇന്ത്യൻ ഫ്ളാഗ് കോഡിന്റെ 1.2, മുതൽ 1.5, 2.2 (എക്സ്) എന്നീ വകുപ്പുകൾ കർശനമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കണമെന്നും ജില്ലാ അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ബി) ഇത് പാലിക്കപ്പെടാത്തവർക്കെതിരെ കേസെടുത്തിട്ടുണ്ടോ ; എങ്കിൽ ഏത് വകുപ്പ് പ്രകാരമാണ് കേസ് ചാർജ് ചെയ്തതെന്നും എത്രപേർക്കെതിരെ കേസെടുത്തുവെന്നും വ്യക്തമാക്കുമോ ;

ബി) പാലിക്കപ്പെടാത്തതായി ശ്രദ്ധയിൽ പെട്ടിട്ടില്ല.

സി) സ്വാതന്ത്ര്യദിനത്തലേന്ന് (14-08-2011) പാളയം രക്തസാക്ഷി മണ്ഡപത്തിൽ ഐ.എൻ.ടി.യു.സി. പ്രവർത്തകർ പ്ലാസ്റ്റിക് ദേശീയ പതാകയുടെ തോരണമാണ് കെട്ടിയത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവർക്കെതിരെ എന്ത് കേസാണ് ചാർജ് ചെയ്തതെന്ന് വ്യക്തമാക്കുമോ ?

സി) ശ്രദ്ധയിൽ പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ